**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1725        13.07.2011 - ൽ മറുപടിക്ക്**

# മലപ്പുറം ജില്ലയിലെ കാർത്തല മാൽകൊടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭരണസമിതി അംഗങ്ങൾ വരുത്തിയ ചെലവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ: | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കാർത്തല മാൽകൊടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭരണസമിതിയിൽ നെയ്ത്തുകാരുടെ ക്വാട്ടയിൽ നെയ്ത്തു കാരല്ലാത്തവർ അംഗങ്ങളായിട്ടുണ്ടോ; എങ്കിൽ ഇവർ വാങ്ങിയ അലവൻസും, ടെലഫോൺ ചാർജ്ജും ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും തിരിച്ച് പിടിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) മാൽകൊടെക്സിന്റെ ഭരണസമിതിയിൽ നെയ്ത്തുകാരായ ഓഹരി ഉടമകളുടെ പ്രതിനിധികളായി 4 പേർ ഉണ്ടായിരുന്നു. എന്നാൽ അവർക്ക് നെയ്ത്തുകാരുടെ പ്രതിനിധികളാകാൻ അർഹതയുണ്ടായിരുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരെ 7/05/2010-ന് ഭരണസമിതിയിൽ നിന്നും നീക്കം ചെയ്തു. 6/05/2010-വരെ ഇവർ വാങ്ങിയ അലവൻസുകളും, മറ്റ് ആനുകൂല്യങ്ങളും തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതില്ല. |
| (ബി) ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) ഇവരെ ഭരണ സമിതിയിൽ നിന്നും നീക്കം ചെയ്ത നടപടി പ്രാബല്യത്തിൽ വന്നത് 7/05/2010 മുതലായതിനാൽ 6/05/2010- വരെ ഭരണസമിതി അംഗങ്ങൾ എന്ന നിലയിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ